**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 423** **05-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടിയിൽ പെട്രോളും, ഡീസലും ഉൾപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളും, ഡീസലും ജി.എസ്.ടിയിൽ ഉൾപ്പെടുത്തിയാൽ ഒരു ലിറ്റർ പെട്രോളും, ഡീസലും എത്ര രൂപയ്ക്ക് ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടില്ല. |
| (ബി) | പെട്രോളും, ഡീസലും ജി.എസ്.ടിയിൽ ഉൾപ്പെടുത്തിയാൽ ജനങ്ങൾക്ക് ഗുണം കിട്ടില്ലെന്ന് ധനകാര്യ വകുപ്പ് മന്ത്രി പ്രസ്താവന നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (ബി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയ അവകാശം വിട്ടുനൽകാൻ കഴിയില്ല എന്നാണ് സംസ്ഥാന സർക്കാർ നിലപാട്. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |

സെക്ഷൻ ഓഫീസർ